"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ്-മികച്ച കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ ഒഴിവുകളിൽ റവന്യൂ വകുപ്പിൽ നിയമിതരായ ആറ് കായികതാരങ്ങൾക്ക് വേണ്ടി ക്ലാർക്കിന്റെ ആറ് സൂപ്പർന്യൂമററി തസ്തികകൾ മുൻകാല പ്രാബല്യത്തോടെ സൃഷ്ടിച്ച് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പൊതുഭരണ(സർവീസസ്-ഡി) വകുപ്പ്**

സ.ഉ.(കൈ) നം.117/2026/GAD തീയതി,തിരുവനന്തപുരം, 10-08-2026

---

പരാമർശം:- 1. 16/01/2026 ലെ സ.ഉ.(കൈ) നം. 6/2026/ജിഎഡി

2. ലാന്റ് റവന്യൂ കമ്മീഷണറുടെ 22/04/2026-ലെ എൽആർ/1303/2025-എൽആർ(ഇ3) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

മികച്ച കായികതാരങ്ങൾക്ക് പബ്ലിക് സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2015 മുതൽ 2019 വരെയുള്ള വർഷങ്ങളിലെ ഒഴിവുകളിൽ പരാമർശം (1) പ്രകാരം 26 കായികതാരങ്ങളെ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിൽ നിയമിക്കുന്നതിന് അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം നിയമനാനുമതി ലഭിച്ച 26 പേരിൽ സജീവ കായികര്ംഗത്ത് തുടരുന്ന ആറ് പേരെയും റവന്യൂ വകുപ്പിൽ ക്ലാർക്കിന്റെ (26500-60700/- ശമ്പളസ്കെയിലിൽ) സൂപ്പർന്യൂമററി തസ്തികയിൽ താത്കാലികമായി നിയമിക്കുവാനും ശേഷം സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുവാൻ ലാന്റ് റവന്യൂ കമ്മീഷണർക്ക് നിർദ്ദേശം നൽകുകയും ചെയ്തിരുന്നു. റവന്യൂ വകുപ്പിൽ സൂപ്പർന്യൂമററി തസ്തികയിൽ താത്കാലികമായി നിയമിക്കുന്നതിന് അനുമതി നൽകിയിരുന്ന ആറ് പേരെയും നിയമിച്ച ശേഷം ടിയാളുകൾക്ക് വേണ്ടി സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിക്കുന്നതിനായി പരാമർശം (2) പ്രകാരം ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (1) പ്രകാരം റവന്യൂ വകുപ്പിൽ നിയമനാനുമതി നൽകിയിട്ടുള്ളതും സജീവകായികരംഗത്ത് തുടരുന്നതുമായ ആറ് കായികതാരങ്ങൾക്ക് വേണ്ടി ചുവടെ ചേർക്കും പ്രകാരം ക്ലാർക്കിന്റെ (26500-60700/- ശമ്പളസ്കെയിലിൽ) ആറ് സൂപ്പർന്യൂമററി തസ്തികകൾ, പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്ക്

വിധേയമായി, മുൻകാല പ്രാബല്യത്തോടെ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം. | കായികതാരത്തിന്റെ പേര് | തസ്തിക സൃഷ്ടിക്കുന്ന ഓഫീസ് | പ്രാബല്യത്തീയതി |
|---|---|---|---|
| 1. | അജ്മൽ പി എ | താലൂക്ക് ഓഫീസ് കൊണ്ടോട്ടി. | 02/03/2026 |
| 2. | മുഹമ്മദ് നബീൽ പി | താലൂക്ക് ഓഫീസ് ഏറനാട് | 27/03/2026 |
| 3. | സൽമാൻഷ കെ പി | താലൂക്ക് ഓഫീസ് നിലമ്പൂർ | 26/02/2026 |
| 4. | മുഹമ്മദ് ഷിയാസ് പി യു | താലൂക്ക് ഓഫീസ്, തലപ്പിള്ളി | 27/02/2026 |
| 5. | വിനു ജോസഫ് | താലൂക്ക് ഓഫീസ്, തൃശ്ശൂർ | 25/02/2026 |
| 6. | താഹിർ സമാൻ കെ സി | താലൂക്ക് ഓഫീസ് കോഴിക്കോട് | 02/03/2026 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**കെ ബിജു ഐ എ എസ്**

**സെക്രട്ടറി**

1. ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
2. ജില്ലാ കളക്ടർ, മലപ്പുറം, കോഴിക്കോട്, തൃശ്ശൂർ.
3. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് / ബന്ധപ്പെട്ട തഹസിൽദാർമാർക്ക്. (ലാന്റ് റവന്യൂ കമ്മീഷണർ മുഖേന)
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ(വ്യയം-എ) വകുപ്പ്. (28/07/2026 ലെ എ2/445/2024-ഫിൻ-പാർട്ട്(1) പ്രകാരം)
6. റവന്യൂ(സി) വകുപ്പ്.
7. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (എസ്ഡി1/121/2025/ജിഎഡി)

*ഉത്തരവിൻ പ്രകാരം*

Digitally signed by
Badusha S
Date: 11-08-2026
13:47:47

*സെക്ഷൻ ഓഫീസർ*